"കോക്കകോള കറുത്തതും സംശയാസ്പദവുമായ ഒരു പാനീയം മാത്രമല്ല. ലോകത്തിന്റെ സമ്പത്ത് മുഴുവൻ പിടച്ചു പറിക്കുന്ന കോർപറേറ്റുകളുടെ കീശ നിറയ്ക്കുന്ന പണപ്പെട്ടി കൂടിയാണ്."


# പ്ലാച്ചിമടയുടെ ഗാഥ

കേരളീയം വാർത്താശൃംഖല

**കുടിവെള്ളം** പോലുള്ള അടിസ്ഥാന വിഭവങ്ങളുടെമേൽ നടക്കുന്ന കോർപറേറ്റ് അധിനിവേശമായി പ്ലാച്ചിമട സമരത്തെ പരിശോധിക്കുന്ന പുസ്തകമാണ് 'പ്ലാച്ചിമടയുടെ ഗാഥ.' സിവിൽ എഞ്ചിനിയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ പ്രൊഫ. പി.ആർ. ശ്രീമഹാദേവൻ പിള്ള എഴുതിയ പുസ്തകം മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന വികാസ് അദ്ധ്യയൻ കേന്ദ്രമാണ് പ്രസാധനം ചെയ്തിരിക്കുന്നത്.

പ്ലാച്ചിമടയിലെ കുടിവെള്ള മലിനീകരണത്തിനും കൃഷിവെള്ള ശോഷണത്തിനും എതിരായി ബഹുരാഷ്ട്ര കുത്തകയായ കോക്കകോള കമ്പനിക്ക് എതിരായി പ്ലാച്ചിമടയിലാരംഭിച്ച സമരത്തെ വിവരിച്ചുകൊണ്ട് ആരംഭിക്കുന്ന പുസ്തകം മനുഷ്യവംശത്തിന് മുമ്പിൽ ഈ സമരം ഉയർത്തുന്ന ചോദ്യങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. 'വാക്കി'ന്റെ ഡയറക്ടർ അജിത് മുരിക്കൻ ആമുഖത്തിൽ ഊന്നി പറയുന്ന കാര്യം ശ്രദ്ധേയമാണ് : "കോക്കകോള കറുത്തതും സംശയാസ്പദവുമായ ഒരു പാനീയം മാത്രമല്ല. ലോകത്തിന്റെ സമ്പത്ത് മുഴുവൻ പിടിച്ചു പറിക്കുന്ന കോർപറേറ്റുകളുടെ കീശ നിറയ്ക്കുന്ന പണപ്പെട്ടി കൂടിയാണ്." ആമുഖത്തിൽ സമരപ്രവർത്തകർക്ക് ആവേശം പകർന്നുകൊണ്ട് അദ്ദേഹം മറ്റൊരു കാര്യം കൂടി പറയുന്നു : "എന്നാൽ ജനങ്ങൾ പ്രബുദ്ധതയാർജിക്കുകയും ഭയം കൂടാതെ ഐക്യപ്പെടുകയും ചെയ്താൽ വിജയിക്കുക തന്നെ ചെയ്യും."

140 പേജുകളിലും 9 അദ്ധ്യായങ്ങളിലുമായാണ് 'പ്ലാച്ചിമട ഗാഥ' വിവരിക്കപ്പെടുന്നത്. ആദ്യ അദ്ധ്യായത്തിൽ കോക്കകോള എന്ന പാനീയത്തിന്റെ രാസമൂലകങ്ങളെക്കുറിച്ചും ഭാവിയുടെ ആരോഗ്യപരമായ ദൂഷ്യഫലങ്ങളെക്കുറിച്ചും വിവരിക്കുന്നു. രണ്ടാമദ്ധ്യായമായ




ദി സാഗ ഓഫ് പ്ലാച്ചിമട
ഡോ. പി.ആർ. ശ്രീമഹാദേവൻപിള്ള
പ്രസാ : വികാസ് അദ്യയൻ കേന്ദ്ര, മുംബൈ
പേജ് : 142, വില : സൂചിപ്പിച്ചിട്ടില്ല

'പ്ലാച്ചിമടയുടെ കഥ'യിൽ പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ലിസ്റ്റ് ചെയ്യുന്നുണ്ട്. പിന്നീട് വേലൂർ സ്വാമിനാഥൻ, പരേതയായ മൈലമ്മ എന്നിവരുടെ നിരീക്ഷണങ്ങളും പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് നൽകിയ നോട്ടീസിൽ നിന്നുള്ള ഭാഗങ്ങളും നൽകുന്നു. 'പ്ലാച്ചിമട-ഭൂമി' എന്ന മൂന്നാം അദ്ധ്യായത്തിൽ പ്ലാച്ചിമടയുടെ ഭൂജല സ്വഭാവത്തെക്കുറിച്ച് നല്ലൊരു വിവരണം കളർപ്ലേറ്റുകളുടെ സഹായത്തോടെ നൽകുന്നു. 4-ാം അദ്ധ്യായത്തിൽ പ്ലാച്ചിമടയിലെ ജനങ്ങൾക്കിടയിൽ നടത്തിയ സാമൂഹിക-സാമ്പത്തിക സർവേയിൽ നിന്നുള്ള വിവരങ്ങൾ ആണ് അവതരിപ്പിക്കുന്നത്. 'പ്ലാച്ചിമടയും വെള്ളവും' എന്ന അഞ്ചാം അദ്ധ്യായത്തിൽ ഗ്രന്ഥകർത്താവ് 2004-2006 നാളുകളിൽ പ്രദേശത്ത് നടത്തിയ ജലപരിശോധനയുടെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ സമരത്തെ സാധൂകരിക്കുന്നതിനുള്ള കണ്ടെത്തലുകൾ വിശദമായി അവതരിപ്പിക്കുന്നു. ഇതിൽ ഒരു ബഹുരാഷ്ട്ര കുത്തകയായ കോക്കകോളയുടെ ദുരമൂലം പ്രദേശത്ത് ജലശോഷണവും കുടിവെള്ള മലിനീകരണവും ഉണ്ടായതായി സ്ഥാപിക്കപ്പെടുന്നു. കോക്കകോള കമ്പനിയിൽ നിന്നുള്ള പാഴ്ജലം മൂലം പ്ലാച്ചിമടയിലെ കുടിവെള്ളത്തിൽ കാഠിന്യവും ക്ലോറൈഡ് അംശവും വർദ്ധിച്ചതുകൊണ്ടാണ് അത് ഉപയോഗയോഗ്യമല്ലാതായി പോയത് എന്നാണ് ശ്രീമഹാദേവൻ പിള്ളയുടെ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്. കുടിവെള്ളത്തിലെ കാഠിന്യത്തിന്റെയും ക്ലോറൈഡിന്റെയും തീവ്രതയും വ്യാപനവും കളർമാപ്പിലൂടെ ദൃശ്യവത്കരിക്കുകയും ചെയ്തിരിക്കുന്നു. 'പ്ലാച്ചിമടയും ആരോഗ്യവും' എന്ന ആറാം അദ്ധ്യായത്തിൽ പ്ലാച്ചിമടയിൽ നടന്ന ആരോഗ്യസർവ്വേയിൽ നിന്നുള്ള വിവരങ്ങൾ ആണ് നൽകിയിരിക്കുന്നത്. കമ്പനിക്കാർ വളമെന്ന് പറഞ്ഞ് നൽകിയ ഖരമാലിന്യത്തിൽ കാഡ്മിയം, ലെഡ് പോലുള്ള വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് ബി.ബി.സി. റേഡിയോ-4 ഉം കേരള മലിനീകരണ നിയന്ത്രണ ബോർഡും കണ്ടെത്തിയ പശ്ചാത്തലത്തിൽ കമ്പനി 3 വർഷം കൊണ്ട് പുറന്തള്ളിയ ഖരമാലിന്യത്തിന്റെയും അതിലുണ്ടായേക്കാവുന്ന കാഡ്മിയം വിഷാംശത്തിന്റെ അളവും ഡോ. മഹാദേവൻപിള്ള തിട്ടപ്പെടുത്തിയിരിക്കുന്നു. പ്രദേശത്തുണ്ടാക്കിയ പരിസ്ഥിതി ആഘാതം കണക്കാക്കുന്നതിന് ഇത് സഹായകരമായിത്തീർന്നേക്കും. 'പ്ലാച്ചിമടയും ഗവൺമെന്റും' എന്നതാണ് ഏഴാം അദ്ധ്യായം. കേരള ഗവൺമെന്റ് സ്റ്റേറ്റുകളുടെ വരേണ്യവർഗ്ഗ സ്വഭാവം വെളിപ്പെടുത്തിക്കൊണ്ട് ജനങ്ങളെ വഞ്ചിക്കുകയും മദ്ധ്യവർഗ്ഗ മൂല്യങ്ങൾ സംരക്ഷിക്കുകയും കമ്പനിക്ക് ഒപ്പം നിൽക്കുകയും ആണ് പ്ലാച്ചിമടകാര്യത്തിൽ ചെയ്തിരിക്കുന്നുവെന്ന് പുസ്തകം പറയുന്നു. സാമ്രാജ്യത്വത്തിന്റെ വേരൂന്നി

നിൽക്കുന്ന കോക്കകോള പോലുള്ള പാനീയങ്ങൽ നവകോളോണിയലിസത്തിന്റെ അടയാളങ്ങളായിരിക്കുന്നതുകൊണ്ട് പ്ലാച്ചിമട സമരം അധീശത്വത്തിനെതിരായുള്ള ചെറുത്ത് നിൽപിന്റെ പ്രതീകമായിത്തീരുന്നു എന്നാണ് എട്ടാം അദ്ധ്യായത്തെ 'പ്ലാച്ചിമട-പ്രതീകം' എന്നു നാമകരണം ചെയ്തുകൊണ്ട് പറയുന്നത്. അവസാനത്തേതും ഒമ്പതാമത്തേതുമായ അദ്ധ്യായത്തിൽ പ്ലാച്ചിമടയുടെ വിവക്ഷകൾ പരിശോധിക്കപ്പെടുന്നു. ഇതിൽ പെരുമാട്ടി ഗ്രാമപഞ്ചായത്ത് പ്ലാച്ചിമട കോക്കകോള കമ്പനിയുടെ ലൈസൻസ് റദ്ദ് ചെയ്തതിൽ നിന്ന് പിന്മാറാൻ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. എ. കൃഷ്ണന് 30 കോടി രൂപ കോഴ നൽകാമെന്ന വാഗ്ദാനം ഉണ്ടായതായി വെളിപ്പെടുത്തിയിരിക്കുന്നു. അതേസമയം സംസ്ഥാന ഗവൺമെന്റ് കുറ്റകൃത്യങ്ങൾ ചെയ്ത കോക്കകോളയ്ക്ക് 20 ലക്ഷം രൂപയുടെ നികുതിയിളവ് അനുവദിക്കയാണത്രെ ഉണ്ടായത്.

പ്ലാച്ചിമട സമരത്തെക്കുറിച്ച് വിലപ്പെട്ട ഈ വിവരങ്ങൾ പുസ്തകം നൽകുന്നെങ്കിലും പലതരം വീഴ്ചകളും പുസ്തകത്തിൽ വന്നുകൂടിയിട്ടുണ്ട്. ഈ വീഴ്ചകൾ പലതും വായനക്കാർക്ക് ആശയക്കുഴപ്പമുണ്ടാക്കാവുന്നവയാണ്. ഉദാഹരണത്തിന് കോക്കകോള കമ്പനി ഒരു ദിവസം ഉപയോഗിക്കുന്ന ജലത്തിന്റെ അളവിനെക്കുറിച്ച് പലയിടത്തും പലതായി നൽകിയിരിക്കുന്നു. പേജ് 67ൽ പ്ലാച്ചിമടയിലെ കോക്കകോള യൂണിറ്റിന്റെ ഉൽപാദനശേഷി ദിവസം 15,00,000 ലിറ്റർ ഉല്പന്നമാണ് എന്ന് പറയുന്നു. അതേസമയം പേജ് 99ൽ കോക്കകോള കമ്പനി ദിവസം 1,50,000 ലിറ്റർ വെള്ളം ഉപയോഗിക്കുന്നതായി പറയുന്നു. എന്നാൽ പേജ് 133ൽ ഉല്പാദനശേഷി ദിവസം 1.2 മില്യൺ കുപ്പി ഉൽപന്നങ്ങളാണെന്നും പറയുന്നു. അതേസമയം പേജ് 124ൽ പ്ലാച്ചിമട കോക്കകോള കമ്പനിയിൽ നിന്ന് പുറന്തള്ളിയ ഖരമാലിന്യത്തിന്റെ അളവ് കണക്കാക്കാൻ ആസ്പദമാക്കുന്നത് ദിവസം 90000 ലിറ്റർ ഉല്പന്നങ്ങൾ പുറത്തിറക്കുന്നു എന്നാണ്.

പ്ലാച്ചിമട സമരത്തെ സംബന്ധിച്ച് പ്ലാച്ചിമട കോക്കകോള കമ്പനിയുടെ ഉൽപാദനശേഷിയുടേയും യഥാർത്ഥ ഉൽപാദനത്തിന്റെയും കൃത്യത വളരെ പ്രാധാന്യമുള്ളതാണ്. കാരണം കേരള ഹൈക്കോടതിയിൽ കമ്പനിയും പെരുമാട്ടി പഞ്ചായത്തുമായുള്ള കേസിൽ കോക്കകോള ദിവസം 5 ലക്ഷം ലിറ്റർ വെള്ളം മാത്രമാണ് ഉപയോഗിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് കമ്പനി വിജയിച്ചു നിൽക്കുന്നത്. ഈ വിജയത്തിന് ആധാരമായ വിവരങ്ങളെ ദുർബലപ്പെടുത്തുന്നതാണ് കമ്പനിയുടെ ഉല്പാദനശേഷിയെ കുറിച്ച് 'പ്ലാച്ചിമടയുടെ ഗാഥ' എന്ന പുസ്തകം വെളിപ്പെടുത്തുന്നത്. പക്ഷേ ഈ വിവരങ്ങൾക്ക് ആധാരമായ സ്രോതസ്സുകൾ പുസ്തകത്തിൽ ലഭ്യമല്ലാത്തതുകൊണ്ട് ഇതേ തുടർന്നുള്ള വാദങ്ങൾ ദുർബലമാക്കപ്പെടും.

'പ്ലാച്ചിമടയുടെ ഗാഥ'യിൽ ചൂണ്ടിക്കാണിക്കപ്പെടേണ്ട മറ്റൊരു വീഴ്ചകൂടി പറയട്ടെ. പ്ലാച്ചിമട സമരത്തിന്റെ ആരംഭത്തിൽ ഉന്നയിച്ച കുടിവെള്ള മലിനീകരണം കമ്പനിയിൽ നിന്നുള്ള പാഴ്ജലം മൂലമാണെന്ന് കേരളമലിനീകരണ നിയന്ത്രണ ബോർഡും കേരള ഭൂജലവകുപ്പും സ്ഥിരീകരിച്ച കാര്യങ്ങളാണ്. കേരള മലിനീകരണ നിന്ത്രണബോർഡ് ഇതിന്റെ പേരിൽ കമ്പനിക്ക് അടച്ചുപൂട്ടാൻ ഉത്തരവ് നൽകുകയും തുടർനടപടികളെടുക്കാതിരിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തുകഴിഞ്ഞതാണ്. ഈ കാര്യങ്ങളൊന്നും 'പ്ലാച്ചിമടയുടെ ഗാഥ'യിൽ ഉൾപ്പെടുത്തി കാണുന്നില്ല.

'പ്ലാച്ചിമടയുടെ ഗാഥ'യുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ഇത്തരം വീഴ്ചകൾ ഇനിയും പലതുണ്ട്. ഇവയെല്ലാം പരിഹരിച്ചാൽ പുസ്തകം പ്ലാച്ചിമട സമരത്തിന് വലിയ ശക്തിപകരും; ജനങ്ങളുടെ പ്രബുദ്ധതയുണരും.

● **സിനിമ**

# വരാനിരിക്കുന്ന വരൾച്ചയുടെ ഓർമ്മയ്ക്ക്

**പ്ലാച്ചിമട** സമരത്തിന് സമർപ്പിച്ച ചിത്രം 'ഒരിടത്തൊരു പുഴയുണ്ടായിരുന്നു' തിയ്യേറ്ററുകളിലെത്തി. കലവൂർ രവികുമാർ സംവിധാനം ചെയ്ത കുട്ടികൾ കേന്ദ്രകഥാപാത്രങ്ങളാകുന്ന ഈ ചിത്രം പ്രകൃതി വിഭവങ്ങൾക്കുമേലുള്ള രാഷ്ട്രീയ അധിനിവേശങ്ങളുടെ സമകാലിക യാഥാർത്ഥ്യങ്ങളെ നിഷ്പക്ഷമായി വെള്ളിത്തിരയിലേക്ക് സന്നിവേശിപ്പിക്കുന്നു. ഭൂമിയിലെ ജലത്തിന്റെ എല്ലാ സാന്നിദ്ധ്യങ്ങളേയും കടലെന്നോ കായലെന്നോ, പുഴയെന്നോ, ഭൂഗർഭ നീരുറവകളെന്നോ വ്യത്യാസമില്ലാതെ വികസനത്വരപൂണ്ട സമ്പന്നവർഗ്ഗവും മൂലധന താത്പര്യക്കാരായ മാഫിയകളും ഊറ്റിയെടുക്കുമ്പോൾ അന്യവത്കരിക്കപ്പെട്ടുപോകുന്ന മനുഷ്യന്റെ ദൈന്യതയെ സത്യസന്ധമായി സിനിമ പ്രതിനിധീകരിക്കുന്നു. മുഖ്യാധാരയിൽ നിന്നും മാറി നിക്ഷിപ്ത താത്പര്യമില്ലാതെയുള്ള സംവിധായകന്റെയും നിർമ്മാതാക്കളുടെ സമീപനം സാമൂഹ്യബോധം പോയിട്ട് സാമാന്യബോധം പോലും കലാരൂപങ്ങൾക്ക് നഷ്ടമാകുന്ന ഈ കാലത്ത് കൈയടികളർഹിക്കുന്നു. തുടക്കക്കാരുടെ പിഴവുകളും സാങ്കേതികമായ കൈയടക്കമില്ലായ്മയും പലപ്പോഴും ചിത്രത്തെ 'അമേചർ' ആക്കുന്നുണ്ടെങ്കിലും പറയാനുള്ള സന്ദേശം വ്യക്തമായി അവതരിപ്പിക്കുന്നതിന് സിനിമയ്ക്ക് കഴിഞ്ഞു. സന്ദേശത്തിന്റെ പ്രാധാന്യത്തിലൂന്നിയുള്ള സമീപനമായിരുന്നതിനാൽ സൗന്ദര്യാത്മക പ്രശ്നങ്ങളെ വിശകലനം ചെയ്ത് വലിയ വീക്ഷണങ്ങളുള്ള ഈ ചെറിയ സംരംഭത്തെ തളർത്തേണ്ടതില്ല. കുട്ടികളിലൂടെയുള്ള അവതരണത്തിലൂടെ വളരെ ലളിതമായി സങ്കീർണ്ണ പ്രശ്നങ്ങളെ വിശകലനം ചെയ്യാൻ സിനിമയ്ക്കു കഴിയുന്നുണ്ട്. കോർപറേറ്റ് വ്യവസായം ജലചൂഷണം നടത്തി വരണ്ടുപോയ ഒരു അതിർത്തി ഗ്രാമത്തിൽനിന്നും ജീവിതം തേടി നഗരങ്ങളിലേക്ക് കുടിയേറേണ്ടിവന്നവരുടെ വേദനകളിലൂടെയും ദുരനുഭവങ്ങളിലൂടെയും വികസിക്കുന്ന സിനിമ, നഗരത്തിലെ സമ്പന്ന മധ്യവർഗ്ഗ ജീവിതങ്ങൾ വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പെറുക്കിയെടുത്ത് ശുദ്ധീകരിക്കുന്ന ഇവരുടെ ജീവിതത്തിന്റെ സങ്കീർണ്ണതകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. കുട്ടികൾക്കിടയിൽ രൂപപ്പെടുന്ന സൗഹൃദങ്ങളിലൂടെ നഗരത്തിലെ മധ്യവർഗ്ഗം തങ്ങളുടെ വ്യവസ്ഥാപിത ജീവിതങ്ങൾക്കപ്പുറം വിഷമതകൾ നിറഞ്ഞ ഒരു ലോകമുണ്ടെന്ന് മനസ്സിലാക്കുകയും അവർക്ക് സഹായഹസ്തവുമായെത്തുകയും ചെയ്യുന്നു. എന്നാൽ പ്രകൃതിവിഭവ ചൂഷണം നടത്തുന്ന കോർപ്പറേറ്റ് വമ്പന്മാർ നഗരഗ്രാമ വ്യത്യാസമില്ലാതെ മനുഷ്യജീവിതങ്ങളിലേക്ക് കടന്നുകയറുന്നു. നഗരത്തിന്റെ സാമ്പത്തിക സുരക്ഷിതത്വങ്ങൾക്കും അവ ഭീഷണിയാകുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. മനുഷ്യകുലം തന്നെ വരണ്ടുപോകാൻ പോകുന്ന വരാനിരിക്കുന്ന ദുരിതങ്ങളെ ഓർമ്മപ്പെടുത്തുന്ന ഒരിടത്തൊരു പുഴയുണ്ടായിരുന്നു തീർച്ചയായും പ്രശംസയർഹിക്കുന്നു.

കമലം ഫിലിംസിന്റെ
**'ഒരിടത്തൊരു പുഴയുണ്ട്'**
സംവിധാനം : കലവൂർ രവികുമാർ
ബന്ധങ്ങൾക്ക് : 9447186325